# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 127

08-06-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ഏതെല്ലാം ഘട്ടങ്ങളിലായി ഏതെല്ലാം ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടു ണ്ടെന്ന് വിശദീകരിക്കുമോ; | (എ) | 2005 ലെയും, 2007 ലെയും ടെണ്ടറിൽ ഐ.എൽ & എഫ്.എസും പ്രോജക്ട് അഡ്വൈസറും ടെക്നിക്കൽ കൺസൽട്ടന്റുമായ എൽ&റ്റി റാംബോളും 2010 ലെ ടെണ്ടറിൽ ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനും അവർ വഴി വിപണി പഠനം നടത്തിയ ഡ്ര്യൂറി, നിയമ ഉപദേശകരായ ട്രൈലീഗൽ, സാങ്കേതിക ഉപദേശകരായ റോയൽ ഹാസ്കോണിംഗ്സ് പാരിസ്ഥിതിക ഏജൻസിയായ എൽ. & റ്റി റാംബോൾ, സാമ്പത്തിക അഡ്വൈസറായ എസ്.ബി.ഐ. ക്യാപ്സ് എന്നീ ഏജൻസികളുടെ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്. 2013 ലെ ടെണ്ടറിൽ, ട്രാൻസാക്ഷൻ അഡ്വൈസറായ ഏണസ്റ്റ് & യംഗ്, ലീഗൽ അഡ്വൈസറായ എച്ച്.എസ്.എ അഡ്വക്കേറ്റ്സ്, ടെക്നിക്കൽ അഡ്വൈസറായ എയ്കോം, പാരിസ്ഥിതിക ഏജൻസിയായ എൽ&റ്റി.റാംബോൾ എന്നിവരുടെ സേവനങ്ങളും ലഭ്യമായിട്ടുണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം ഏജൻസികളുടെ ഏതെല്ലാം സേവനങ്ങൾ പ്രയോജനപ്പെ ടുത്തു ന്നുണ്ട് ; ഓരോ ഏജൻസിയേയും കണ്ടെത്തിയത് ടെണ്ടർ നടപടിക്രമത്തിലൂടെയാണോ ; നേരിട്ട് നിയോഗിക്കപ്പെട്ടവയു ണ്ടെങ്കിൽ അവ ഏതൊക്കെയാണ് ; | (ബി) | നിലവിൽ താഴെ പറയുന്ന ഏജൻസികളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.<br>1. Ernst & Young : Transaction Advisor & Financial Consultant<br>2. Hemant Sahai Associates : Legal Advisor<br>3. AECOM : Technical Consultant<br>4. L & T Ramboll : Environmental Consultant<br><br>ഈ നാല് ഏജൻസികളെയും കണ്ടെത്തിയത് ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ്. നിലവിലുള്ള ഒരു ഏജൻസിയും നേരിട്ട് നിയോഗിക്കപ്പെട്ടവരല്ല. Ernst & Young നെയും HSA Advocates നെയും |

കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെ ടെണ്ടർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പത്രത്തിൽ പരസ്യം ചെയ്താണ് തെരഞ്ഞെടുത്തത്.

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന ഏതെല്ലാം ഏജൻസികളുടെ സേവനം പിന്നീട് അവസാനിപ്പിക്കുകയുണ്ടായി ; കാരണം എന്തായിരുന്നു ; | (സി) | ഈ സർക്കാർ നിലവിൽ വരുമ്പോൾ, മുൻ സർക്കാർ നേരിട്ട് നിയമിച്ച ഐ.എഫ്.സിയും, അവർ വഴി വന്ന നിയമോപദേശകരായ Trilegal ന്റെയും, സാങ്കേതിക ഉപദേശകരായ Royal Haskoning ന്റെയും സേവനം ഉണ്ടായിരുന്നു. അവർ പ്രവർത്തിച്ചിരുന്ന 2010 ലെ ടെണ്ടർ റദ്ദ് ചെയ്യപ്പെട്ട സാഹചര്യത്തിൽ, അവരുടെ സേവനം അവസാനിക്കുകയാണുണ്ടായത്. |
| (ഡി) | ഇപ്പോൾ സേവനം ലഭ്യമാക്കുന്ന സ്ഥാപനങ്ങളുമായി ഏതെല്ലാം തീയതികളിലാണ് കരാറിൽ ഏർപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇപ്പോൾ സേവനം ലഭ്യമാക്കുന്ന സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട തീയതി ചുവടെ ചേർക്കുന്നു<br>1. Ernst & Young : 13-01-2014<br>2. Hemant Sahai Advocates : 13-01-2014<br>3. AECOM : 27-09-2012<br>4. L & T Ramboll : 17-06-2010<br>(AECOM നെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ഈ സർക്കാരിന്റെ കാലത്ത് കരാർ ഒപ്പ് വയ്ക്കുകയും ചെയ്തു.)<br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തെരഞ്ഞെടുക്കപ്പെട്ട L & T Ramboll ന്റെ സേവനം നിലനിർത്തി. |

**സെക്ഷൻ ഓഫീസർ**